# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 01.08.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഏകദിന ആന്ധ്രാപ്രദേശ് സന്ദർശനത്തിന് തുടക്കമായി. സീതാരാമ രാജു അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവ്വഹിച്ചു.

2. ലഹരി ഉപയോഗത്തിനെതിരെ യുവജനങ്ങളെ അണി നിരത്തുന്നതിനായി നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാന് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ തുടക്കം കുറിക്കും.

3. സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുന്നു. എട്ട് ജില്ല കളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു.

4. ശക്തമായ മഴയിൽ പലയിടത്തും മണ്ണിടിച്ചിലും ഉരുൾപൊട്ടലും റിപ്പോർട്ട് ചെയ്യു. നടപടികൾ ഏകോപിപ്പിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ.

5. മഴ തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങളും സർക്കാർ സംവിധാനങ്ങളും അതീവ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി

RNU TVPM

6. കോമൺവെൽത്ത് ഗെയിംസിൽ ജൂഡോയിൽ ഇന്ത്യക്ക് ആദ്യ സ്വർണം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി - ആസാം

ആന്ധ്രാപ്രദേശിലെ വിജയനഗരം ജില്ലയിൽ അല്ലൂരി സീതാരാമ രാജു അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. വിശാഖപട്ടണത്തെ സെമികണ്ടക്ടർ പദ്ധതിയുടെയും, കുർണൂൽ പുനരുപയോഗ ഊർജ്ജ സോണിൻറെയും ശിലാസ്ഥാപനത്തിനും അദ്ദേഹം തുടക്കം കുറിക്കും. തുടർന്ന് കർണാടകയിലെത്തുന്ന പ്രധാനമന്ത്രി മൈസുരുവിൽ സ്വാമി വിവേകാനന്ദ യുവജന സാംസ്കാരിക കേന്ദ്രം ഉദ്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## നശാ മുക്ത് യുവ

ലഹരി ഉപയോഗത്തിനെതിരെ യുവജനങ്ങളെ അണിനിരത്തുന്നതിനായി 'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാന്' പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ തുടക്കം കുറിക്കും. മൈ ഭാരതിലൂടെ ക്യാമ്പയിൻറെ ഭാഗമാകുന്ന യുവജനങ്ങൾ നശാ മുക്തി പ്രതിജ്ഞ ഏറ്റുചൊല്ലും. അടുത്ത 100 ഞായറാഴ്ചകളിൽ ഇതിൻറെ ഭാഗമായി രാജ്യമെമ്പാടും പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## കേരളം - മഴ

സംസ്ഥാനത്ത് അതിശക്തമായ മഴ. കേന്ദ്ര കാലാവസ്ഥാ വകുപ്പ് പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

RNI TVPM

വയനാട്, ഇടുക്കി, പത്തനംതിട്ട, കോട്ടയം, മലപ്പുറം, പാലക്കാട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു.

## മഴ- മുഖ്യമന്ത്രി

സംസ്ഥാനത്ത് ശക്തമായ മഴയിൽ പലയിടത്തും മണ്ണിടിച്ചിലും ഉരുൾ പൊട്ടലും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ നടപടികൾ ഏകോപിപ്പിച്ച തായി മുഖ്യമന്ത്രി വി ഡി സതീശൻ. റവന്യൂ മന്ത്രിയുമായും ചീഫ് സെക്രട്ടറിയുമായും ജില്ലാ കളക്ടർമാരുമായും ഫോണിൽ ബന്ധപ്പെട്ടു. ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് റവന്യൂ മന്ത്രിയെ ചുമതലപ്പെടുത്തി. ഏത് സാഹചര്യവും നേരിടാൻ എൻ.ഡി.ആർ.എഫും പൊലീസും സജ്ജമാണ്. പരിക്കേറ്റവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനും പുനരധിവാസ പ്രവർത്തങ്ങൾ വേഗത്തി ലാക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

## പത്തനംതിട്ട (ഇൻട്രോ)

RNU TVPM

പത്തനംതിട്ട ജില്ലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ പല താലൂക്കുകളിലും ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. പുനലൂർ-മൂവാറ്റുപുഴ ഹൈവേയിൽ ഉൾപ്പെടെ ഗതാഗതം തടസപ്പെട്ടു. ജില്ലയിൽ മലയോര മേഖലയിൽ ഉൾപ്പെടെ നിലവിൽ മഴയ്ക്ക് നേരിയ ശമനമുണ്ട്. മലയോര മേഖലയിലേയ്ക്കുള്ള രാത്രിയാത്ര ഈ മാസം എട്ടുവരെ നിരോധിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി എസ് ശ്രീധർ

(വോയ്സ്)

## മഴ- റവന്യൂ വകുപ്പ് മന്ത്രി

നിലവിൽ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്നും ഉച്ചയോടെ തെക്കൻ ജില്ലകളിൽ മഴയുടെ ശക്തി കുറയുമെന്നാണ് റിപ്പോർട്ടെന്നും

റവന്യൂ മന്ത്രി എ പി അനിൽകുമാർ പറഞ്ഞു. കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. സംസ്ഥാനത്ത് ഇതുവരെ 10 ഡാമുകൾ തുറന്നിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

## കോട്ടയം (ഇൻട്രോ)

കോട്ടയം ജില്ലയിൽ ശക്തമായ മഴ ജനജീവിതത്തെ ബാധിച്ചു. വിവിധയിടങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടു. വീടുകളിൽ വെള്ളം കയറി. കിഴക്കൻ മേഖലയിൽ കനത്ത മഴയിലും ഉരുൾപൊട്ടലിലും വീട് ഒലിച്ചുപോയി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ല പ്രതിനിധി ദേവിക എസ് നായർ.

(വോയ്സ്)

Editor:Murali Krishna N P, Source: PTC KTM, CNRT:Murali, Reader: Narendra Mohan, DEO:Manuja Manoj

## മഴ- മറ്റ് ജില്ലകൾ സമഗ്രം

ഇടുക്കി ജില്ലയിലെ മലയോര മേഖലയിൽ കനത്ത മഴ തുടരുന്നു. അടിമാലി–കുമളി അടക്കമുള്ള ദേശീയപാതയിലും ഉൾനാടൻ റോഡുകളിലും ഗതാഗതം തടസ്സപ്പെട്ടു. പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഉൾപ്പടെ മലയോര മേഖലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതു വരെ സഞ്ചാരി കൾക്ക് പ്രവേശനം നിരോധിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. കോഴിക്കോട് ജില്ലയിലെ മലയോര മേഖലകളിലടക്കം ശക്തമായ മഴ തുടരുന്നു. ചാലിയം കപ്പലങ്ങാടിയിലും കടലുണ്ടിക്കടുത്തും കടലിൽ കുടുങ്ങിയ മത്സ്യത്തൊഴിലാളികളെ കോസ്റ്റൽ പോലീസും നാട്ടുകാരും ചേർന്ന് രക്ഷിച്ചു. മഴ ശക്തമായതിനാൽ താമരശ്ശേരി ചുരത്തിലൂടെയുള്ള അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് നിർദേശമുണ്ട്. അതിതീവ്ര മഴ പെയ്യുതിനാൽ, വയനാട്ടിലെ വൈത്തിരി, ലക്കിടി മേഖല യിലും അതീവ ജാഗ്രതാനിർദേശമുണ്ട്. തിരുവനന്തപുരം മുതലപ്പൊഴി

RNUTVPM

യിൽ ഇന്നലെ രാത്രി ശക്തമായ തിരയിൽ പെട്ട് വള്ളത്തിൽ നിന്ന് തെറിച്ച് കടലിൽ വീണ രണ്ട് മത്സ്യതൊഴിലാളികളെ കാണാതായതിൽ തിരച്ചിൽ തുടരുന്നു. കണ്ണൂർ ജില്ലയിൽ ഇന്ന് രാവിലെ മുതൽ കനത്ത മഴ തുടരുകയാണ്.

## അതിതീവ്രമഴ -റെഡ് അലർട്ട്

മഴ തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങളും സർക്കാർ സംവിധാനങ്ങളും അതീവ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു. അതിശക്തമായ മഴ ലഭിക്കാനിടയുള്ളതിനാൽ മലവെള്ളപ്പാച്ചിൽ, മിന്നൽപ്രളയം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ നഗരപ്രദേശങ്ങളിൽ വെള്ളക്കെട്ട് എന്നിവയ്ക്ക് സാധ്യതയുണ്ടെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. മലയോര മേഖലകളിലും മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലുമുള്ളവർ സാഹചര്യം വിലയിരുത്തി സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറാൻ തയ്യാറാകണം. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ ആവശ്യമായാൽ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറണം. ശക്തമായ മഴയും കാറ്റും തുടരുന്ന സാഹചര്യത്തിൽ അത്യാവശ്യമല്ലാത്ത യാത്രകൾ പരമാവധി ഒഴിവാക്കണമെന്നും നിർദേശമുണ്ട്. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ തുടർ മുന്നറിയിപ്പുകൾ അനുസരിച്ച് അലർട്ടുകളിൽ മാറ്റം വരാനിടയുള്ളതിനാൽ ഔദ്യോഗിക അറിയിപ്പുകൾ തുടർച്ചയായി ശ്രദ്ധിക്കണമെന്ന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

## കോട്ടയം ജില്ലയിൽ മണ്ണിടിച്ചിൽ; ഒരു മരണം

കോട്ടയം ജില്ലയിൽ കനത്ത മഴയിൽ വീടിന് മുകളിലേക്ക് മണ്ണിടിഞ്ഞ് വീണ് പൂഞ്ഞാർ പയ്യാനിത്തോട്ടത്ത് റെജീന, മകൻ ജോസഫിൻ ജോണി എന്നിവർ മരിച്ചു. ഇടുക്കി അടൂർമലയിൽ ഉണ്ടായ മണ്ണിടിച്ചിലിൽ കാണാതായ സുമതി എന്ന സ്ത്രീയുടെ മൃതദേഹം കണ്ടെത്തി.

## കൊല്ലം ട്രോളിംഗ് (ഇൻട്രോ)

RIJU TVPM

ട്രോളിംഗ് നിരോധനത്തിനുശേഷമുള്ള ആദ്യദിനം മത്സ്യബന്ധനമേഖലയ്ക്ക് നിരാശ. മോശം കാലാവസ്ഥ തിരിച്ചടിയായി. കാലാവസ്ഥാ മുന്നറിയിപ്പ് കണക്കിലെടുത്ത് ഭൂരിഭാഗം ബോട്ടുകളും കടലിൽ പോയില്ല.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ല പ്രതിനിധി നീരജ് ലാൽ

(വോയ്സ്)

## ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസ്

ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിന്റെ ഒൻപതാം ദിനത്തിൽ ചരിത്രനേട്ടം കൈവരിച്ച് ഇന്ത്യ. ജൂഡോയിൽ ഇന്നലെ ഇന്ത്യക്ക് ആദ്യ സ്വർണ്ണം നേടാനായി. ജാവലിൻ ത്രോയിൽ ഇരട്ട നേട്ടവും ഇന്ത്യക്ക് മുതൽക്കൂട്ടായി. അസ്മിത ഡേ, ഹർഷ് സിംഗ് എന്നിവരാണ് ജൂഡോയിൽ സ്വർണം നേടിയത്. ജാവലിൻ ത്രോയിൽ നീരജ് ചോപ്ര വെള്ളിയും, യശ്വീർ സിംഗ് വെങ്കലവും നേടി. തേജസ്വിൻ ശങ്കർ ഡെക്കാത്‌ലണിൽ വെങ്കലം നേടുന്ന ആദ്യ ഇന്ത്യക്കാരനായി. 5 സ്വർണ്ണവും 12 വെള്ളിയും 6 വെങ്കലവും ഉൾപ്പെടെ 23 മെഡലുകളുമായി ഇന്ത്യ നിലവിൽ പത്താം സ്ഥാനത്താണ്. ഓസ്ട്രേലിയയാണ് ഒന്നാം സ്ഥാനത്ത്.

RNU TVPM

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

## ലോക മുലയൂട്ടൽ വാരം

കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ ഇന്ന് മുതൽ രാജ്യവ്യാപകമായി ലോക മുലയൂട്ടൽ വാരം ആചരിക്കും. ശിശുക്കളുടെ ആരോഗ്യ പരിപാലനത്തിൽ മുലയൂട്ടലിനുള്ള പ്രാധാന്യത്തെ

ക്കുറിച്ച് അറിവ് പകരുന്നത് ലക്ഷ്യമിട്ടാണ് വാരാചരണം. എല്ലാ അമ്മമാർക്കും മുലയൂട്ടാനുള്ള സാഹചര്യം ഒരുക്കാൻ ആരോഗ്യ പ്രവർത്തകരും സമൂഹവും മുന്നോട്ട് വരണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

RNU TVPM